എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കോട്ടയം, പാടൃം പദ്ധതികൾക്ക് 23-6-2005-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. പദ്ധതി പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) കൂത്തുപറമ്പ് പദ്ധതിക്ക് 2467.03 ലക്ഷം രൂപയും കോട്ടയം, പാടൃം പദ്ധതികൾക്ക് 1264.00 ലക്ഷം രൂപയും

(സി) കൂത്തുപറമ്പ് പദ്ധതി 3/2007-ലും കോട്ടയം, പാടൃം പദ്ധതി 2008-ലും പൂർത്തിയാക്കാനുദ്ദേശിക്കുന്നു.

റാന്നി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

84 [266] *ശ്രീ. രാജു എബ്രഹാം* : താഴെ കാണുന്ന ചോദൃങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാരൃവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിലെ അറയാഞ്ഞലി മണ്ണ്, കൊല്ലമുള, കുറുംപൻമൂഴി എന്നീ ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചത് ഏത് വർഷമാണ്;

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ്; ഇനിയെന്ത് നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) ഓരോ പദ്ധതിക്കും എത്ര തുക വീതം അടയ്ക്കണമെന്നാണ് വൈദ്യുതി ബോർഡ് നിർദ്ദേശിച്ചത് ;

(ഡി) ഈ തുക എന്നാണ് കെ. എസ്. ഇ. ബോർഡിൽ അടച്ചിട്ടുള്ളത് ;

(ഇ) എന്തുകൊണ്ടാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത് ;

(എഫ്) സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ച് ഈ പദ്ധതി എന്ന ത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അറയാഞ്ഞിലി മണ്ണ് പദ്ധതി 18-3-2001-ലും, കൊല്ലമുള പദ്ധതി 7-3-2001-ലും കുറുംപൻമൂഴി പദ്ധതി 27-2-2000-ലും നിർമ്മാണമാരംഭിച്ചു.

(ബി) അറയാഞ്ഞിലി മണ്ണ് പദ്ധതിയുടെ നിർമ്മാണം പൂർത്തിയായി. ബ്രിഡ്ജ് ക്രോസ് ചെയ്തിരുന്ന പൈപ്പുകൾ കാലവർഷക്കെടുതിയിൽ നഷ്ടപ്പെട്ടതിനാൽ അത് പുനഃസ്ഥാപിക്കുന്നതിനുള്ള പണികൾ നടന്നു വരുന്നു. കൊല്ലമുള പദ്ധതിയുടെ പണി പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കുറുമ്പൻമൂഴി പദ്ധതിയുടെ 80% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

(സി) അറയാഞ്ഞിലിമൺ പദ്ധതിക്ക് 8,59,532 രൂപയും കുറുംപൻമൂഴി പദ്ധതിക്ക് 18,07,040 രൂപയും അടയ്ക്കണമെന്ന് വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അറയാഞ്ഞിലിമൺ പദ്ധതിയുടെ തുക 21-1-2004-ലും കുറുംപൻമൂഴി പദ്ധതിയുടെ തുക 12-1-2004-ലും അടച്ചു.

(ഇ) അറയാഞ്ഞിലിമൺ പദ്ധതിയുടെ ബ്രിഡ്ജ് ക്രോസ്ചെയ്യുന്ന ഭാഗത്തെ പൈപ്പുകൾ പുനഃസ്ഥാപിക്കേണ്ടതിനാലും കുറുംപൻമൂഴി കൊല്ലമുള എന്നീ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലുമാണ് കമ്മീഷൻ ചെയ്യാൻ വൈകുന്നത്.

(എഫ്) അറയാഞ്ഞിലിമൺ, കുറുംപൻമൂഴി എന്നീ പദ്ധതികൾ 8/2005-ലും കൊല്ലമുള പദ്ധതി 3/2006-ലും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതി

85 [267] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ രാമന്തളി ഗ്രാമ പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ നബാർഡ് വിഹിതം എത്രയെന്നും ഗവൺമെന്റ് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നബാർഡിൽ നിന്നും ഗവൺമെന്റിൽനിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര തുക കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനം ദ്രുതഗതിയിൽ മുന്നോട്ടു കൊണ്ടു പോകുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് വിഹിതം – 254.40 ലക്ഷം രൂപ.
ഗവൺമെന്റ് വിഹിതം – 57.90 ലക്ഷം രൂപ.

(ബി) ജല അതോറിറ്റിക്ക് തുകയൊന്നും കൈമാറിയിട്ടില്ല.

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ രാമന്തളി ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനോൽഘാടനം 2004 നവംബർ 29-ന് നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതിയുടെ 60000 ലിറ്ററിന്റെ ഉപരിതല ജലസംഭരണി ഹനുമാൻ അമ്പലത്തിനടുത്ത് പണി പൂർത്തീകരിച്ചു. 3 ലക്ഷം ലിറ്റർ ഉപരിതല ജലസംഭരണിയുടെ പ്രവർത്തി എഗ്രിമെന്റ് വെച്ച് ഉടൻ ആരംഭിക്കും. 7 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, പമ്പിംഗ് മെയിൻ, ഗ്രാവിറ്റിമെയിൻ എന്നിവയുടെ ടെന്റർ പരിശോധനയിലാണ്. വിതരണ കുഴലുകളുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

GPM. 2/359/2012.—16

LIBRARY ARCHIVES Kerala Legislative Assembly